# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – ചങ്ങനാശ്ശേരി നഗരസഭ – UIDSSMT കുടിവെള്ള പദ്ധതി – ചങ്ങനാശ്ശേരി വില്ലേജിലെ റിസർവ്വേ നമ്പർ 27–ൽ ബ്ലോക്ക് 155–ൽപ്പെട്ട 5 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3025/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 16, 2009.

---

പരാമർശം: 1. ചങ്ങനാശ്ശേരി നഗരസഭയുടെ 20-7-2009-ലെ 5-ാം നമ്പർ തീരുമാനം.

2. മുഖ്യ നഗരാസൂത്രകന്റെ 21-08-2009-ലെ E1/1/08 (Vol.IV) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ചങ്ങനാശ്ശേരി നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ UIDSSMT സ്കീമിൽപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ചങ്ങനാശ്ശേരി വില്ലേജിലെ റീസർവ്വേ നമ്പർ 27-ൽ ബ്ലോക്ക് 155-ൽപ്പെട്ട 5 സെന്റ് സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി പൊന്നുംവിലയ്ക്കെടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.
2. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാകളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.
3. അക്വിസിഷൻ സംബന്ധമായി 2000-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ, ആലപ്പുഴ.

ജില്ലാ കളക്ടർ, ആലപ്പുഴ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.